# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ജൂൺ 29**

**JUNE 29**

**2018**

*1193 മിഥുനം 15 വെള്ളി*

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**കഠിനാധ്വാനം തൊഴിൽ മേഖലയിലെ ഉയർച്ചയ്ക്ക് അനിവാര്യം: ഗവർണർ ജസ്റ്റിസ് പി. സദാശിവം**

ഏതു തൊഴിൽ മേഖലയിലായാലും ഉന്നതങ്ങളിൽ എത്താൻ കഠിനാധ്വാനം അനിവാര്യമാണെന്ന് ഗവർണർ ജസ്റ്റിസ് പി. സദാശിവം പറഞ്ഞു. വിവിധ മേഖലകളിലെ പ്രതിഭകളെ ആദരിക്കുന്നതിന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടന്ന എംപിയുടെ എക്സലൻസ് അവാർഡ് ആദരവ് 2018 പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. തമിഴ്നാട്ടിലെ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച് തമിഴ് മീഡിയം സ്കൂളിലാണ് പത്താം ക്ലാസ് വരെ താൻ പഠനം നടത്തിയതെന്ന് ഗവർണർ പറഞ്ഞു. കഠിനാധ്വാനത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞതു കൊണ്ടാണ് സുപ്രീംകോടതി ചീഫ് ജസ്റ്റീസ് പദവി വരെ എത്താൻ കഴിഞ്ഞത്. വിദ്യാർഥികൾ പഠന കാലത്തു തന്നെ കഠിനാധ്വാനം ഒരു ശീലമാക്കണം. ഏതു തൊഴിൽ മേഖല തിരഞ്ഞെടുത്താലും പഠന കാലയളവിലെ ഈ ശീലം തുടരുകയാണെങ്കിൽ ഉന്നതങ്ങളിൽ എത്തുവാൻ കഴിയും. ഉയർച്ചകൾക്ക് സഹായിക്കുന്ന വ്യക്തികളെ എപ്പോഴും ആദരവോടെ കാണുന്ന ഒരു സംസ്കാരം നമുക്ക് ഉണ്ടാകണം. കവി കടമ്മനിട്ട രാമകൃഷ്ണന്റെ 'നിങ്ങൾ ഓർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്' എന്ന പ്രസിദ്ധമായ വരികൾ ഉദ്ധരിച്ചു കൊണ്ടാണ് അദ്ദേഹം ഇതു പറഞ്ഞത്. വിജയങ്ങളുടെ നിമിഷങ്ങളിൽ അതിനു കൈത്താങ്ങായ രക്ഷിതാക്കളെയും അധ്യാപകരെയും അതിലുപരി സമൂഹത്തെയും മറക്കുവാൻ പാടില്ല. സമൂഹത്തിൽ നിന്ന് ലഭിച്ചതിനേക്കാൾ കൂടുതൽ തിരിച്ചു നൽകുവാൻ നമുക്ക് കഴിയണം.

ഒരു പ്രവാചകനെയും തന്റെ ജന്മസ്ഥലത്ത് അംഗീകരിക്കാറില്ല എന്ന ബൈബിളിലെ വാക്യം ഉദ്ധരിച്ചു കൊണ്ടായിരുന്നു ജില്ലയിലെ പ്രതിഭകൾക്ക് നൽകുന്ന ആദരത്തെ കുറിച്ച് ഗവർണർ പറഞ്ഞത്. മിക്കപ്പോഴും മികച്ച നേട്ടങ്ങൾ കൈവരിക്കുന്നവരെ ജന്മനാട് തിരിച്ചറിയുന്നത് ഏറെ താമസിച്ചായിരിക്കും. ജില്ലയുടെ അഭിമാനങ്ങളായ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതം ഏവർക്കും മാതൃകയാണ്. അദ്ദേഹത്തിന്റെ നൂറാം ജന്മദിനാഘോഷത്തിൽ പങ്കെടുക്കുവാൻ അവസരം ലഭിച്ചിരുന്നു. കേരള ജനത ഏറ്റവും കൂടുതൽ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന വ്യക്തിത്വമാണ് ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി.

മലയാള സിനിമയെ ലോക സിനിമയുടെ വേദികളിൽ എത്തിച്ച പത്മഭൂഷൺ അടൂർ ഗോപാലകൃഷ്ണൻ ലോകമെമ്പാടുമുള്ള മലയാളികൾക്ക് അഭിമാനമാണ്. അദ്ദേഹത്തിന്റെ ജന്മസ്ഥലമായ പത്തനംതിട്ട ജില്ലയിലുള്ളവർക്കും ഇത് ഏറെ അഭിമാനം നൽകുന്നു. മലയാള സിനിമയ്ക്ക് ലഭിച്ച ഏറ്റവും വലിയ അംഗീകാരമായിരുന്നു അദ്ദേഹത്തിന് ലഭിച്ച ദാദാസാഹിബ് ഫാൽക്കേ അവാർഡ്.

ജീവസുറ്റ സിനിമകളുമായി പ്രേക്ഷകരുടെ ഹൃദയം കവർന്ന സംവിധായകനാണ് ബ്ലെസി. അൽഷിമേഴ്സ് ബാധിച്ച വ്യക്തിയുടെ കഥയും ഗുജറാത്ത് ഭൂമികുലുക്കത്തിൽ അനാഥത്വം അനുഭവിക്കേണ്ടി വന്ന കൊച്ചു കുട്ടിയുടെ സങ്കടങ്ങളുമൊക്കെ അദ്ദേഹത്തിന്റെ സിനിമകൾക്ക് പ്രമേയമായി. സംസ്ഥാന – ദേശീയ അവാർഡുകൾ നേടിയ അദ്ദേഹത്തിന്റെ സിനിമകൾ സമൂഹത്തിന് നല്ല സന്ദേശങ്ങൾ നൽകുന്നവയാണ്.

സ്കൂൾ–കോളജ് തലങ്ങളിൽ ഉന്നത വിജയം നേടി ആദരവിന് അർഹരായ വിദ്യാർഥികൾ ക്രിസോസ്റ്റം തിരുമേനിയേയും അടൂർ ഗോപാലകൃഷ്ണനെയും ഇന്ത്യയുടെ മുൻ യുഎൻ അംബാസിഡറായ ടി.പി. ശ്രീനിവാസനെയും പോലുള്ളവരെ മാതൃകയാക്കണം. സാമൂഹിക പ്രതിബദ്ധതയിലൂടെയും കഠിനാധ്വാനത്തിലൂടെയുമാണ് ഇവരൊക്കെ ഉന്നതങ്ങളിലെത്തിയത്. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച് സെമിനാർ നയിച്ച ഡോ.ടി.പി. ശ്രീനിവാസൻ കോളജ് കാലത്ത് ഏറ്റവും മികച്ച ഒരു വിദ്യാർഥിയായിരുന്നു. രാജ്യാന്തര തലത്തിൽ അറിയപ്പെടുന്ന ഒരു നയതന്ത്ര വിദഗ്ധനായി അദ്ദേഹം മാറിയതിന്റെ കാരണം പഠന കാലത്തു തന്നെ ഉണ്ടായിരുന്ന കഠിനാധ്വാന ശീലവും സാമൂഹിക പ്രതിബദ്ധതയുമാണെന്നും അദ്ദേഹം പറഞ്ഞു. സിനിമാ സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, മുൻ യു.എൻ.അംബാസിഡർ ടി.പി. ശ്രീനിവാസൻ, ചലച്ചിത്ര സംവിധായകൻ ബ്ലെസി, നടൻ കൈലാഷ്, ജില്ലയിൽ എസ്എസ്എൽസി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ മാർക്കും നേടിയ വിദ്യാർഥികൾ എന്നിവർക്ക് ഗവർണർ ഉപഹാരങ്ങൾ നൽകി ആദരിച്ചു.

രാജ്യസഭാ ഉപാധ്യക്ഷൻ പ്രൊഫ. പി.ജെ. കുര്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആന്റോ ആന്റണി എംപി, അടൂർ പ്രകാശ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പിബി നൂഹ്, നഗരസഭ അധ്യക്ഷ രജനി പ്രദീപ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ് തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1710/18)

## സത്രം സൗന്ദര്യവൽക്കരണം നിർമാണോദ്ഘാടനം ഇന്ന്(30)

തിരുവല്ല ഡിടിപിസി സത്രത്തിന്റെ സൗന്ദര്യവൽക്കരണത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം ഇന്ന് (30) രാവിലെ ഒൻപതിന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് നിർവഹിക്കും. ഡിറ്റിപിസി സത്രം കോംപ്ലക്സിൽ നടക്കുന്ന ചടങ്ങിൽ ജില്ലാ കളക്ടർ പി.ബി നൂഹ് അധ്യക്ഷത വഹിക്കും. തിരുവല്ല നഗരസഭ ചെയർമാൻ കെ.വി വർഗീസ്, നഗരസഭ കൗൺസിലർമാരായ എം.പി ഗോപാലകൃഷ്ണൻ, വി. ജിജീഷ്കുമാർ, ടൂറിസം വകുപ്പ് ഡപ്യൂട്ടി ഡയറക്ടർ ഡി. കമലമ്മ, ഡിടിപിസി എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം അഡ്വ മനോജ്

ചരളേൽ, ഡിടിപിസി ഗവേണിംഗ് ബോഡി അംഗം അഡ്വ. ജെനു മാത്യു, ഡിടിപിസി സെക്രട്ടറി എ. ഷംസുദ്ദീൻ, സത്രം കെയർ ടേക്കർ ഉണ്ണികൃഷ്ണൻ എന്നിവർ പ്രസംഗിക്കും.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ 50 ലക്ഷം രൂപ മുടക്കി ഡിടിപിസി സത്രത്തിൽ പുതിയ മുറികളും ആധുനിക ശൗചാലയങ്ങളും വാഷ് ഏരിയായും നിർമിച്ചു. നിലവിലെ ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ, മുറികൾ തുടങ്ങിയവ നവീകരിച്ചും സത്രം കൂടുതൽ സൗകര്യപ്രദമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനമായി സത്രത്തിന്റെ സൗന്ദര്യവൽക്കരണത്തിനായി തയാറാക്കിയിട്ടുള്ള പദ്ധതികളുടെ പ്രവർത്തനോദ്ഘാടനമാണ് ഇന്നു നടക്കുന്നത്. (പിഎൻപി 1711/18)

## പോളിടെക്നിക് സ്പോട്ട് അഡ്മിഷൻ

ഐഎച്ച്ആർഡിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂഞ്ഞാർ മോഡൽ പോളിടെക്നിക് കോളജിൽ 2018-2019 അധ്യയനവർഷത്തിലേക്ക് ഒന്നാം വർഷ എൻജിനീയറിംഗ് ഡിപ്ലോമ കോഴ്സിൽ ഇലക്ട്രോണിക്സ് എൻജിനീയറിംഗ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ എൻജിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ നാലിന് സ്പോട്ട് അഡ്മിഷൻ നടത്തും. എസ്.സി / എസ്.റ്റി / ഒ.ഇ.സി വിഭാഗക്കാർക്ക് ഫീസ് ആനുകൂല്യം ലഭിക്കും. ഇതുവരെ അപേക്ഷ സമർപ്പിക്കാൻ സാധിക്കാതിരുന്നവർക്ക് അന്നേ ദിവസം നേരിട്ട് ഹാജരായി പ്രവേശനം നേടാം. താത്പര്യമുള്ളവർ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി രക്ഷകർത്താവിനോടൊപ്പം രാവിലെ 10ന് കോളജ് ഓഫീസിൽ ഹാജരാകണം. ഫോൺ: 04822 209265 , 9495443206 , 8593025976.

(പിഎൻപി 1712/18)

## നാഷണൽ സാമ്പിൾ സർവേ 76-ാം റൗണ്ട് ജില്ലയിൽ ആരംഭിക്കുന്നു

ദേശീയ തലത്തിൽ നാഷണൽ സാമ്പിൾ സർവേ ഓഫീസും സംസ്ഥാന തലത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പും ചേർന്ന് നടത്തുന്ന 76-ാം മത് റൗണ്ട് സാമ്പിൾ സർവേ ജൂലൈ ഒന്നിന് ആരംഭിക്കും. ഡിസംബറിൽ സർവേ പൂർത്തിയാകും. സർവേയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വീടുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കും. ശാരീരിക -മാനസിക വെല്ലുവിളികൾ നേരിടുന്നവരെപ്പറ്റിയും കുടിവെള്ളം, ശുചിത്വം, പാർപ്പിടം എന്നിവയെപ്പറ്റിയുമുള്ള സ്ഥിതി വിവരകണക്കുകളാണ് ശേഖരിക്കുന്നത്. ഭിന്നശേഷി സംഭവിക്കുന്നതിനുള്ള കാരണങ്ങൾ, അതിന്റെ വ്യാപ്തി, രോഗം പ്രകടമാകുന്ന പ്രായം, അവർക്ക് സമൂഹത്തിൽ ലഭിക്കുന്ന സൗകര്യങ്ങൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സംരക്ഷണം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളും കുടിവെള്ളം, വൈദ്യുതി, ശുചീകരണ സംവിധാനങ്ങൾ, കൊതുക്, പ്രാണിമൂലമുണ്ടാകുന്ന ദുരിതങ്ങൾ തുടങ്ങിയ വിവരങ്ങളും സർവേയിലൂടെ ശേഖരിക്കും.

സർവേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ കേന്ദ്ര, സംസ്ഥാന സർക്കാരും മറ്റ് ഏജൻസികളും വികസനോന്മുഖ ആസൂത്രണത്തിനും നയരൂപീകരണത്തിനും ഉപയോഗിക്കും. ഈ പ്രാധാന്യം കണക്കിലെടുത്ത് ശരിയായതും പൂർണവുമായ വിവരങ്ങൾ നൽകണമെന്ന് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ പി.കെ. ശാലിനി അറിയിച്ചു. (പിഎൻപി 1713/18)

## സ്കോൾ - കേരള: ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനം തുടങ്ങി

സ്കോൾ-കേരള മുഖേന 2018-20 ബാച്ചിലേക്കുള്ള ഹയർസെക്കൻഡറി ഒന്നാം വർഷ പ്രവേശനം ആരംഭിച്ചു. എസ്എസ്എൽസി അല്ലെങ്കിൽ അംഗീകൃത തത്തുല്യ യോഗ്യതയുള്ളവർക്ക് ജൂലൈ 31 വരെ പിഴയില്ലാതെയും 60 രൂപ പിഴയോടെ ഓഗസ്റ്റ് 10 വരെയും ഫീസ്

അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. പ്രവേശനത്തിന് ഉയർന്ന പ്രായപരിധിയില്ല.

ഓപ്പൺ റെഗുലർ വിഭാഗത്തിൽ സയൻസ് ഉൾപ്പെടെ പ്രാക്ടിക്കൽ ഉള്ള വിഷയങ്ങളിൽ തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ രജിസ്റ്റർ ചെയ്യാം. സർക്കാർ ഹയർസെക്കൻഡറി സ്കൂളുകളാണ് പഠന കേന്ദ്രങ്ങളായി അനുവദിക്കുന്നത്. സ്വയം പഠനസഹായികളും ലാബ് സൗകര്യവും പൊതു അവധി ദിവസങ്ങളിൽ സമ്പർക്ക ക്ലാസും വിദ്യാർഥികൾക്ക് ലഭിക്കും. ഹ്യുമാനിറ്റീസ്, കൊമേഴ്സ് വിഭാഗങ്ങളിൽ തെരഞ്ഞെടുത്ത കോമ്പിനേഷനുകളിൽ പ്രാക്ടിക്കൽ ഇല്ലാത്ത വിഷയങ്ങളിൽ മാത്രമാണ് പ്രൈവറ്റ് രജിസ്ട്രേഷന് സൗകര്യമുള്ളത്.

ഓൺലൈൻ രജിസ്ട്രേഷൻ അപേക്ഷയോടൊപ്പം ജനറേറ്റ് ചെയ്ത് ലഭ്യമാകുന്ന ബാർ കോഡ്, ചെലാൻ നമ്പർ ഇവ സഹിതമുള്ള ചെലാൻ ഉപയോഗിച്ച് പോസ്റ്റോഫീസിൽ ഫീസ് അടയ്ക്കാം. നിർദിഷ്ട രേഖകൾ സഹിതം അതത് ജില്ലാ കേന്ദ്രങ്ങളിൽ നേരിട്ടും എക്സിക്യുട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 12 എന്ന വിലാസത്തിൽ നേരിട്ടോ സ്പീഡ്/രജിസ്ട്രേഡ് തപാൽ വഴിയോ അപേക്ഷ സമർപ്പിക്കാം. ഫീസ് വിവരങ്ങളും രജിസ്ട്രേഷനുള്ള മാർഗനിർദേശങ്ങളും പ്രോസ്പെക്ടസും സ്കോൾ -കേരളയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0468-2325499, 0471-2342950, 2342271.

(പിഎൻപി 1714/18)

## ആരോഗ്യജാലകം പ്രഥമശുശ്രൂഷാ കേന്ദ്രം പ്രവർത്തനം തുടങ്ങി

ആരോഗ്യകേരളത്തിന്റെയും പത്തനംതിട്ട നഗരസഭയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് സൗജന്യ അടിയന്തിര പ്രഥമശുശ്രൂഷ ലഭ്യമാക്കുന്ന ആരോഗ്യജാലകം പ്രഥമശുശ്രൂഷാ കേന്ദ്രം ഹാജി സി. മീരാസാഹിബ് പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ പ്രവർത്തനം തുടങ്ങി. യാത്രക്കാർ അപകടത്തിൽ പെടുകയോ, ദേഹാസ്വാസ്ഥ്യം ഉണ്ടാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രഥമശുശ്രൂഷ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിനു പുറമേ ജീവിതശൈലീ രോഗ നിർണയം, ശ്വാസതടസത്തിന് നെബുലൈസേഷൻ, മുലയൂട്ടുന്നതിനുള്ള സൗകര്യം, ആരോഗ്യസംബന്ധമായ കൗൺസലിംഗ്, ബിഎംഐ നിർണയം എന്നിവയും ഈ കേന്ദ്രത്തിലൂടെ ലഭ്യമാകും. രാവിലെ ഒൻപതു മുതൽ വൈകുന്നേരം നാലുവരെ ആരോഗ്യജാലകം സേവനം ലഭ്യമാകും.

പത്തനംതിട്ട നഗരസഭ ആരോഗ്യസ്ഥിരം സമിതി ചെയർപേഴ്സൺ സിന്ധു അനിൽ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ.എ.എൽ. ഷീജ അധ്യക്ഷത വഹിച്ചു. നഗരസഭ പ്രതിപക്ഷ നേതാവ് പി.കെ. അനീഷ്, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ.എബി സുഷൻ, നഗരപ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ബി. ദിവ്യ, ഡെപ്യുട്ടി മാസ് മീഡിയ ഓഫീസർമാരായ റ്റി.കെ. അശോക് കുമാർ, എ. സുനിൽ കുമാർ, ദേശീയ നഗര ആരോഗ്യ ദൗത്യം ജില്ലാ കോ-ഓർഡിനേറ്റർ ജ്യോതി ആനന്ദ് തുടങ്ങിയവർ സംസാരിച്ചു. (പിഎൻപി 1715/18)

## മലയാലപ്പുഴയിൽ സംയുക്ത മെഡിക്കൽ ക്യാമ്പ് നടത്തി

മലയാലപ്പുഴ കാഞ്ഞിരപ്പാറ പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ ഡെങ്കിപ്പനിക്കെതിരേ സംയുക്ത മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഡോക്ടർമാർ രോഗികളെ പരിശോധിക്കുകയും സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. മലയാലപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ജയലാൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ആരോഗ്യ സ്ഥിരം സമിതി ചെയർപേഴ്സൺ പ്രമീള, വാർഡ് മെമ്പർമാരായ ശ്രീകല അനിൽ, സന്തോഷ്, ഡോ. രേഷ്മ കണ്ണൻ, ഡോ.ബി. ചിത്ര, ഡോ. എൽ. ബിന്ദു, ഹെൽത്ത് ഇൻസ്പെക്ടർ സുധീഷ് ലാൽ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

(പിഎൻപി 1716/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) വിവിധ മേഖലകളിലെ പ്രതിഭകളെ ആദരിക്കുന്നതിന് പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടന്ന എംപിയുടെ എക്സലൻസ് അവാർഡ്  ആദരവ് 2018 പരിപാടി ഗവർണർ ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു.

2) ആദരവ് 2018 പരിപാടിയിൽ വിവിധ മേഖലകളിലെ പ്രതിഭകളെ ഗവർണർ ജസ്റ്റിസ് പി. സദാശിവം ആദരിക്കുന്നു.

3) ആരോഗ്യജാലകം പ്രഥമശുശ്രൂഷാ കേന്ദ്രം പത്തനംതിട്ട നഗരസഭ ആരോഗ്യസ്ഥിരം സമിതി ചെയർപേഴ്സൺ സിന്ധു അനിൽ ഉദ്ഘാടനം ചെയ്യുന്നു.




(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ജൂൺ 29<br>JUNE 29 | 2018 |
|---|---|

*1193 മിഥുനം 15 വെള്ളി*

# പത്രക്കുറിപ്പ്-2

www.prd.kerala.gov.in, diopta1@gmail.com ഫോൺ : 0468-2222657

**ജില്ലയിലെ 24 തദ്ദേശഭരണസ്ഥാപനങ്ങളുടെ**
**വാർഷിക പദ്ധതി ഭേദഗതികൾക്ക് അംഗീകാരം**

ജില്ലയിലെ 24 തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതികൾക്ക് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. പദ്ധതി തുക വിനിയോഗത്തിൽ ജില്ല ഇപ്പോൾ മൂന്നാം സ്ഥാനത്താണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചു. ഈമാസം 16ന് പദ്ധതി നിർവഹണത്തിൽ ജില്ലയുടെ സ്ഥാനം സംസ്ഥാനത്ത് ഒൻപതായിരുന്നു. തുക വിനിയോഗം വർധിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രസിഡന്റ് അഭിനന്ദിച്ചു. ജൂലൈ 13ന് തദ്ദേശഭരണ വകുപ്പ് മന്ത്രി ജില്ലയിലെ പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതിനു മുൻപായി തുക വിനിയോഗം ഏറ്റവും കുറഞ്ഞത് 35 ശതമാനമെങ്കിലും കൈവരിക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അടിയന്തിര നടപടി സ്വീകരിക്കണം. ജൂലൈ ഒൻപതിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തും. 12 ശതമാനം സെന്റേജ് ചാർജ് ചേർത്ത് എസ്റ്റിമേറ്റുകൾ തയാറാക്കി നൽകുന്ന വാട്ടർ അതോറിറ്റിയുടെ നടപടിഒഴിവാക്കണമെന്ന് ആസൂത്രണസമിതി യോഗം ആവശ്യപ്പെട്ടു. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വാട്ടർ അതോറിറ്റിയുടെ ജോലികൾക്ക് സെന്റേജ് ചാർജ് ഈടാക്കാൻ പാടില്ലെന്ന് സർക്കാർ അടുത്തിടെ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ ഉത്തരവ് പാലിക്കാൻ വാട്ടർ അതോറിറ്റിയുടെ ജില്ലാതല ഉദ്യോഗസ്ഥർ തയാറാകണമെന്നും ആസൂത്രണ സമിതി യോഗം ആവശ്യപ്പെട്ടു.

ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ 2018-19 വാർഷിക പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്ത 20 നൂതന പദ്ധതികളിൽ 14 എണ്ണത്തിന് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. 10 ലക്ഷം രൂപ അടങ്കൽ തുകയുള്ള ജില്ലാ പഞ്ചായത്തിന്റെ ന്യായവില മെഡിക്കൽ സ്റ്റോർ, രണ്ടുലക്ഷം രൂപ ചെലവിൽ ആറന്മുള തിരുവരങ്ങിന് ധനസഹായം നൽകുന്ന പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി, 1.90 ലക്ഷം രൂപയ്ക്ക് കറവ പശുക്കൾക്ക് മൈക്രോ ചിപ്പ് ഘടിപ്പിക്കുന്ന ആനിക്കാട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി, 60,000 രൂപ ചെലവിൽ സ്കൂളുകളിൽ കഥകളി മുദ്ര പഠനത്തിനും 1.96 ലക്ഷം രൂപ ചെലവിൽ വെർട്ടിക്കൽ ഫാമിംഗ് പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് വിതരണത്തിനുമുള്ള അയിരൂർ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി, ഇരവിപേരൂർ പഞ്ചായത്ത് നടപ്പാക്കുന്ന സാംസ്കാരിക അവാർഡ്-ഷോർട്ട് ഫിലിം ഫെസ്റ്റിവൽ(75,000 രൂപ), ഇരവിപേരൂർ റൈസ് മിൽ അടിസ്ഥാന സൗകര്യ വികസനം(2.01 കോടി രൂപ), ഹരിതകേരളം-ആദിപമ്പ-വരട്ടാർ ജലോത്സവം(1.25 ലക്ഷം), പിടുപിസെന്റർ(4.35 ലക്ഷം), ഹരിതകേരളം സീറോ ബില്ലിംഗ്(10 ലക്ഷം), കാർബൺ ന്യൂട്രൽ പഞ്ചായത്ത്(5.15 ലക്ഷം), ഇരവിപേരൂർ ഹരിതോത്സവം(1.5 ലക്ഷം), പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ(7.50 ലക്ഷം), റാന്നി ഗ്രാമപഞ്ചായത്തിന്റെ ഭൗമ വിവര പഞ്ചായത്ത് പദ്ധതി(6.77 ലക്ഷം) എന്നീ പദ്ധതികൾക്കുമാണ് അംഗീകാരം നൽകിയത്.

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകളായ ഇലന്തൂർ, കോന്നി, പുളിക്കീഴ്, ഗ്രാമപഞ്ചായത്തുകളായ കോട്ടാങ്ങൽ, കലഞ്ഞൂർ, മൈലപ്ര, കോന്നി, കൊറ്റനാട്, ഓമല്ലൂർ, കടപ്ര, കുന്നന്താനം, റാന്നി, മല്ലപ്പുഴശേരി, വള്ളിക്കോട്, മലയാലപ്പുഴ, ആനിക്കാട്, റാന്നി- പഴവങ്ങാടി, അയിരൂർ, പുറമറ്റം, ഏനാദിമംഗലം, അരുവാപ്പുലം, ചെറുകോൽ എന്നിവയുടേയും പന്തളം നഗരസഭയുടേയും പദ്ധതികൾക്കാണ് ആസൂത്രണ സമിതി അംഗീകാരം നൽകിയത്.

പദ്ധതി നിർവഹണത്തിൽ ഏറ്റവും പിന്നിലുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ നിർവഹണ പുരോഗതി യോഗം വിലയിരുത്തി. ഇലന്തൂർ, മല്ലപ്പുഴശേരി, മല്ലപ്പള്ളി, നാരങ്ങാനം, ഏറത്ത്, സീതത്തോട്, കൊടുമൺ, ചിറ്റാർ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകളായ കോയിപ്രം, കോന്നി, റാന്നി, പന്തളം നഗരസഭ, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് എന്നിവയുടെ പദ്ധതി തുക വിനിയോഗമാണ് വിലയിരുത്തിയത്. ഇവയിൽ മല്ലപ്പള്ളി ഒഴികെ എല്ലാ തദ്ദേശസ്ഥാപനങ്ങളുടെയും തുക വിനിയോഗം 10 ശതമാനത്തിൽ കുറവാണ്. തുക വിനിയോഗം അടിയന്തിരമായി വർധിപ്പിക്കുന്നതിന് ഈ തദ്ദേശ സ്ഥാപനങ്ങൾക്ക് ആസൂത്രണ സമിതി നിർദേശം നൽകി.

യോഗത്തിൽ ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, ആസൂത്രണ സമിതി അംഗങ്ങളായ എലിസബത്ത് അബു, എൻ.ജി. സുരേന്ദ്രൻ, ബി. സതികുമാരി, ലീലാ മോഹൻ, ആസൂത്രണസമിതിയിലെ സർക്കാർ പ്രതിനിധി അഡ്വ.എൻ. രാജീവ്, ജില്ലാ പ്ലാനിംഗ് ഓഫീസർ സോമസുന്ദരലാൽ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1717/18)

## ആവാസ് ആരോഗ്യഇൻഷ്വറൻസ് പദ്ധതി

തൊഴിൽവകുപ്പ് നടപ്പാക്കിയിട്ടുള്ള ഇതരസംസ്ഥാന തൊഴിലാളികൾക്കുള്ള സൗജന്യ ഇൻഷ്വറൻസ് പദ്ധതിയായ ആവാസിൽ ജില്ലയിൽ ഇതുവരെ 14791 തൊഴിലാളികൾ രജിസ്റ്റർ ചെയ്ത് ഇൻഷ്വറൻസ് കാർഡ് കൈപ്പറ്റി. ഇതുവരെയും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഇതര സംസ്ഥാന തൊഴിലാളികളെ ജോലി ചെയ്യിപ്പിക്കുന്ന തൊഴിലുടമകളും താമസിപ്പിക്കുന്ന കെട്ടിട ഉടമകളും അടിയന്തിരമായി ജില്ലാലേബർഓഫീസിലോ അടുത്തുള്ള അസിസ്റ്റന്റ് ലേബർ ഓഫീസുകളിലോ ബന്ധപ്പെടണമെന്ന് ജില്ലാലേബർ ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222234. (പിഎൻപി 1718/18)

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് മികച്ച സൗകര്യങ്ങൾ ഉറപ്പാക്കണം: എഡിഎം

സമയബന്ധിതമായി ഇതരസംസ്ഥാന തൊഴിലാളികൾക്ക് മികച്ച താമസ സൗകര്യങ്ങൾ കെട്ടിട ഉടമകൾ ഉറപ്പാക്കണമെന്ന് എഡിഎം പി.ടി എബ്രഹാം നിർദേശിച്ചു. ഇതരസംസ്ഥാന തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന കെട്ടിട ഉടമകളുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ ചർച്ചയിലാണ് ഈ നിർദേശം നൽകിയത്. ഇതിനായി 15 ദിവസത്തെ സമയം കെട്ടിട ഉടമകൾക്ക് അനുവദിച്ചു. ഇതരസംസ്ഥാന തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ലാഭേച്ഛ മാത്രം കണക്കിലെടുത്ത് ജോലി ചെയ്യിപ്പിക്കുന്ന സ്ഥിതി മാറണം. ഇവർക്ക് വ്യക്തിശുചിത്വം, പരിസര ശുചിത്വം എന്നിവയെക്കുറിച്ച് ബോധവൽക്കരണ നടപടികൾ ആശാ പ്രവർത്തകരുടെ മേൽനോട്ടത്തിൽ നടപ്പിലാക്കണം.

മലേറിയ, മന്ത്, ടിബി, എച്ച്ഐവി തുടങ്ങിയ രോഗാണുബാധയുള്ള ധാരാളം പേരെ ഇതരസംസ്ഥാന തൊഴിലാളികളുടെ ഇടയിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് നമ്മുടെ പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾക്ക് ഭീഷണിയായതിനാൽ ഇക്കാര്യത്തിൽ ജാഗ്രത പുലർത്താത്ത കെട്ടിട ഉടമകൾക്കെതിരേ ജില്ലാ ഭരണകൂടം നടപടി സ്വീകരിക്കും. ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധന നടത്തി 15 ദിവസത്തിനകം റിപ്പോർട്ട് വാങ്ങും. ജില്ലാ ലേബർ ഓഫീസർ ടി. സൗദാമിനി, ഡെപ്യുട്ടി ഡിഎംഒ ഡോ.സി.എസ്. നന്ദിനി, കെട്ടിട ഉടമകൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1719/18)

## ആനുകുല്യം അർഹിക്കുന്നവർക്ക് ലഭിക്കണം: മന്ത്രി മാത്യു ടി തോമസ്

ആനുകുല്യങ്ങൾ അർഹിക്കുന്നവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസ് പറഞ്ഞു. മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ കിടപ്പുരോഗികൾക്ക് കട്ടിൽ വിതരണം ചെയ്യുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. അർഹിക്കുന്നവരെ സഹായിക്കുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് ഏറെ അവസരങ്ങളുണ്ട്. സമയബന്ധിതമായും സുതാര്യമായും കാര്യങ്ങൾ നിർവഹിക്കേണ്ടത് ഇവരുടെ കടമയാണെന്നും മന്ത്രി പറഞ്ഞു.

പഞ്ചായത്തിന്റെ 2018-2019 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കിടപ്പുരോഗികൾക്ക് കട്ടിലുകൾ വിതരണം ചെയ്തത്. മൾട്ടി യൂട്ടിലിറ്റി ഹൈഡ്രോളിക് ഓപ്പറേറ്റഡ് വിഭാഗത്തിലുള്ള എട്ട് കട്ടിലുകളാണ് രോഗികൾക്ക് വിതരണം ചെയ്തത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെജി സാമുവേൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ത്രിതല പഞ്ചായത്തംഗങ്ങൾ, വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1720/18)

## പനി: 572 പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (29) 572 പേർ വിവിധ ആശുപത്രികളിൽ ചികിത്സ തേടി. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ അഞ്ചു പേരിൽ മൂന്നു പേർക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. നാലു പേർക്ക് ചിക്കൻപോക്സ് സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 53 പേർ ചികിത്സ തേടി. വല്ലന, കോന്നി എന്നിവിടങ്ങളിലാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്.

(പിഎൻപി 1721/18)

**യോഗം രണ്ടിന്**

കേന്ദ്ര കുടിവെള്ള-ശുചീകരണ മന്ത്രാലയം ശബരിമലയെ മാതൃകാ ശുചിത്വ കേന്ദ്രമായി തിരഞ്ഞെടുത്തതുമായി ബന്ധപ്പെട്ട തുടർ നടപടികൾ ആലോചിക്കുന്നതിന് വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ജൂലൈ രണ്ടിന് രാവിലെ 11.30ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. (പിഎൻപി 1722/18)

**എയ്ഡഡ് കോളജ് തർക്കം മാനേജരെ വിളിച്ചു വരുത്തി വിശദീകരണം തേടും: വനിതാ കമ്മീഷൻ**

റാന്നിയിലെ എയ്ഡഡ് കോളജ് വനിതാ പ്രിൻസിപ്പലും മാനേജ്മെന്റും തമ്മിലുള്ള തർക്കത്തിൽ വനിതാ കമ്മീഷന്റെ പേര് പരാമർശിച്ച് സസ്പെൻഡ് ചെയ്തത് അടക്കമുള്ള വിഷയത്തിൽ കോളജിന്റെ മാനേജരെ വിളിച്ചു വരുത്തി വിശദീകരണം തേടാൻ വനിതാ കമ്മീഷൻ തീരുമാനിച്ചു.

മാനേജർക്കെതിരെ പ്രിൻസിപ്പൽ നൽകിയ പരാതി അന്വേഷണഘട്ടത്തിലാണ്. എന്നാൽ കോളജിലെ അക്കൗണ്ടന്റിനെതിരെ പ്രിൻസിപ്പൽ നൽകിയ മറ്റൊരു പരാതിയുമായി ബന്ധപ്പെട്ട് അദാലത്തിൽ അക്കൗണ്ടന്റിനേയും പ്രിൻസിപ്പലിനേയും കമ്മീഷൻ വിളിച്ചു വരുത്തി താക്കീത് നൽകിയിരുന്നു. ഒരു തലമുറയെ വാർത്തെടുത്ത് പൊതുസമൂഹത്തിന് സംഭാവന ചെയ്യേണ്ട ധാർമ്മികവും സാമൂഹികവുമായ ഉത്തരവാദിത്തം നിറവേറ്റേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തർക്കങ്ങളും വഴക്കുകളും അധികാര വടംവലിയും ഒട്ടും ആശാസ്യമല്ലെന്ന് കമ്മിഷൻ നേരത്തേ തന്നെ അഭിപ്രായപ്പെട്ടിരുന്നു. വിദ്യാഭ്യാസത്തിന്റെ മൂല്യവും അന്തസത്തയും ഉയർത്തിപ്പിടിക്കുന്ന പ്രവർത്തനങ്ങളായിരിക്കണം എല്ലാവരുടെയും ഭാഗത്തു നിന്നും ഉണ്ടാകേണ്ടതെന്നും കമ്മീഷൻ ഓർമ്മിപ്പിച്ചു. കോളജിന്റെ പേരോ മേൽവിലാസമോ കമ്മീഷൻ പരാമർശിച്ചിരുന്നില്ല. വസ്തുതകൾ ഇതായിരിക്കേ പ്രിൻസിപ്പലിനെ സസ്പെൻഡ് ചെയ്ത ഉത്തരവിൽ നിരവധി കാരണങ്ങളുടെ കൂട്ടത്തിൽ കമ്മീഷന്റെ പേരും പരാമർശിച്ചത് ഗൗരവമായിട്ടാണ് കമ്മീഷൻ കാണുന്നതെന്നും അറിയിച്ചു.

(പിഎൻപി 1723/18)

**ഫോട്ടോ അടിക്കുറിപ്പ്**

4) മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ കിടപ്പുരോഗികൾക്ക് കട്ടിൽ വിതരണം ചെയ്യുന്ന പദ്ധതിയുടെ ഉദ്ഘാടന ചടങ്ങിൽ ജലവിഭവ വകുപ്പ് മന്ത്രി മാത്യു ടി തോമസും ജനപ്രതിനിധികളും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

(അവസാനിച്ചു)

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്